**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 195** **23-01-2025 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ബാബു (നെന്മാറ)</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നെന്മാറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(എ)</td><td>എല്ലാ മാസത്തെയും ഡി.എം.ഒ കോൺഫറൻസിൽ ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവരുടെ നേതൃത്വത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എല്ലാ മാസവും നടക്കുന്ന ജില്ലാ വികസന സമിതി യോഗത്തിൽ നെന്മാറ നിയോജക മണ്ഡലത്തിലെ ആർദ്രം പ്രവൃത്തികൾ റിവ്യൂ ചെയ്യാറുണ്ട്.</td></tr>
<tr><td>(ബി)</td><td>നിലവിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നതെന്നും ഇനി ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനുള്ളതെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?</td><td>(ബി)</td><td>നെന്മാറ നിയോജക മണ്ഡലത്തിൽ 6 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആകെയുള്ള 8 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>സ്ഥാപനം</th><th>നിലവിലെ സ്ഥിതി</th></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രം കൊല്ലംകോട്</td><td>നിർമ്മാണം പൂർത്തീകരിച്ചു , ഉദ്ഘാടനം കഴിഞ്ഞു</td></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രം മുതലമട</td><td>നിർമ്മാണം പൂർത്തീകരിച്ചു , ഉദ്ഘാടനം കഴിഞ്ഞു</td></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രം പല്ലശ്ശന</td><td>നിർമ്മാണം പൂർത്തീകരിച്ചു , ഉദ്ഘാടനം കഴിഞ്ഞു</td></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രം അയിലൂർ</td><td>നിർമ്മാണം പൂർത്തീകരിച്ചു , ഉദ്ഘാടനം കഴിഞ്ഞു</td></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രം വടവന്നൂർ</td><td>നിർമ്മാണം പൂർത്തീകരിച്ചു , ഉദ്ഘാടനം കഴിഞ്ഞു</td></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രം പുതുനഗരം</td><td>നിർമ്മാണം പൂർത്തീകരിച്ചു.</td></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രംഎലവഞ്ചേരി</td><td>കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്.</td></tr>
<tr><td>കുടുംബാരോഗ്യകേന്ദ്രം നെല്ലിയാമ്പതി</td><td>കുടുംബാരോഗ്യകേന്ദ്രമാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്.</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ